പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4430

25/10/2016 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.അടൂർ പ്രകാശ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിയാബ് എത്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം നടത്തി; വിശദാംശം നൽകുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ നിയമിക്കുന്നതിന്റെ ഭാഗമായി റിയാബ് മുഖേന പത്രപരസ്യം നൽകി നടപടികൾ സ്വീകരിച്ചിരുന്നു. ഇതു പ്രകാരം 15 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. |
| ബി) ഓൺലൈനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എഴുത്തുപരീക്ഷ / ഇന്റർവ്യൂ എന്നായിരുന്നുവെന്നും വ്യക്തമാക്കുമോ; | ബി) റിയാബ് മുഖേന നൽകിയ പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിൽ 1692 അപേക്ഷകൾ ലഭിച്ചിരുന്നു. 2016 സെപ്റ്റംബർ 6,7,8 തിയതികളിലായിട്ടാണ് ഇന്റർവ്യൂ നടത്തിയത്. |
| സി) മാനേജിംഗ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമിക്കുന്നതിനു മുമ്പ് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണോ; എങ്കിൽ പുതിയതായി നിയമിതരായ എത്രപേർക്ക് വിജിലൻസ് ക്ലിയറൻസ് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) & ഡി) 15/10/2016 ലെ സ.ഉ.(പി) 44/2016/ആ.സാ.വ. നമ്പർ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നതതല ഉദ്യോഗസ്ഥ നിയമനങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഡി) പൊതുമേഖലാ സ്ഥാപനങ്ങളെ അഴിമതി വിമുക്തമാക്കും എന്ന എൽ.ഡി.എഫിന്റെ പ്രകടന പത്രികയിലെ വാഗ്ദാനത്തിന് വിരുദ്ധമായി ഏതെങ്കിലും തരത്തിലുള്ള നിയമനം നടത്തുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിജിലൻസ് ക്ലിയറൻസ് വാങ്ങിക്കാതെ നിയമനം നടത്തിയതിന്റെ സാഹചര്യം വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ